No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2019

## എം.ബി.ബി.എസ്, ബിഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ മോപ്-അപ് കൗൺസിലിംഗ് ഓപ്ഷനുകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ എം.ബി.ബി.എസ്, ബിഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് നിലവിൽ നികത്തപ്പെടാത്ത ഒഴിവുകൾ ഓൺലൈൻ മോപ്-അപ് കൗൺസിലിംഗ് വഴി നികത്തുന്നതിന് **29.08.2019 മുതൽ 01.09.2019** വൈകുന്നേരം **05.00** മണി വരെ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ ഘട്ടത്തിൽ മറ്റ് മെഡിക്കൽ കോഴ്സുകളായ ആയുർവേദ (**BAMS**), ഹോമിയോപ്പതി (**BHMS**) സിദ്ധ,യുനാനി എന്നിവയിലും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിലും നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതാണ്.

കേരളാ മെഡിക്കൽ, ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ ലഭിച്ചെങ്കിലും പ്രവേശനം നേടാതിരുന്ന വിദ്യാർത്ഥികൾക്കും ഓൺലൈൻ മോപ്-അപ് കൗൺസിലിംഗിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. എം.ബി.ബി.എസ്, ബിഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ ഓൺലൈൻ മോപ്-അപ് കൗൺസിലിംഗിൽ പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **29.08.2019** വൈകുന്നേരം **6** മണി മുതൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്, ബിഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് **02.09.2019** ന് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **03.09.2019** മുതൽ **06.09.2019** വരെ തീയതികളിൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **06.09.2019 വൈകുന്നേരം 3.00** മണിയ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാൻ സൗകര്യമുള്ള ഹെഡ് പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

അഖിലേന്ത്യാ ക്വാട്ടയിൽ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെയും എം.ബി.ബി.എസ്, ബിഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ എടുത്തിരിക്കുന്ന വിദ്യാർത്ഥികളെയും സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. 31.08.2019 വരെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കും ഈ അലോട്ട്മെന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല. മുൻ അലോട്ട്മെന്റുകളിലൂടെ ആയുർവേദ,ഹോമിയോ,സിദ്ധ,യുനാനി ,അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് അവരുടെ ഓപ്ഷൻ പ്രകാരം മോപ്-അപ് കൗൺസിലിംഗ് വഴി പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നേരത്തെ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ:**

| | |
|---|---|
| 29.08.2019 | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **01.09.2019 (05.00 Pm)** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **02.09.2019** | അലോട്ട്മെന്റ് പ്രസിദ്ധീകരണം |

| | |
|---|---|
| 03.09.2019 to 06.09.2019, 3.00 pm | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് വഴിയോ, ഓൺലൈനായോ ഫീസ്/ബാക്കി തുക(ബാധകമെങ്കിൽ) ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 06.09.2019, 5.00 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**നിശ്ചിത സമയത്തിനകം മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താത്തവരെ ഒരു കാരണവശാലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.**

**കുറിപ്പ്:**

1) ***അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ/നിലനിർത്താൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***
2) ***വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 01.09.2019 ന് ഉച്ചയ്ക്ക് 12.00 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.***

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് മെഡിക്കൽ അനുബന്ധ കോഴ്സിലേയ്ക്കുള്ള ഈ ഘട്ടത്തിലെ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർക്ക് പ്രോസ്പെക്ടസ് ക്ലോസ് 12.2.3, 12.2.4 എന്നിവ അനുസരിച്ച് മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ.

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ ടോക്കൺ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതില്ല. അവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in, www.cee-kerala.org **എന്നീ വെബ്സൈറ്റുകളിൽ** ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

29 .08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**